# കച്ചവടം ചെയ്ത് പരലോകം കടത്തിലായവർ

**عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنهُ عَنِ النَّبِيِّ ﷺ قَالَ: ثَلَاثَةٌ لَا يُكَلِّمُهُمُ اللهُ يَوْمَ الْقِيَامَةِ وَلَا يَنْظُرُ إِلَيْهِمْ ، رَجُلٌ حَلَفَ عَلَى سِلْعَةٍ لَقَدْ أَعْطَى بِهَا أَكْثَرَ مِمَّا أُعْطِيَ وَهُوَ كَاذِبٌ ، وَرَجُلٌ حَلَفَ عَلَى يَمِينٍ كَاذِبَةٍ بَعْدَ الْعَصْرِ لِيَقْتَطِعَ بِهَا مَالَ رَجُلٍ مُسْلِمٍ، وَرَجُلٌ مَنَعَ فَضْلَ مَائِهِ ، فَيَقُولُ اللهُ : الْيَوْمَ أَمْنَعُكَ فَضْلِي كَمَا مَنَعْتَ فَضْلَ مَا لَمْ تَعْمَلْ يَدَاكَ.**

**അബൂഹുറയ്‌റ(റ)യിൽനിന്ന് നിവേദനം. തിരുമേനി അരുളി: “പരലോകത്ത് വെച്ച് മൂന്ന് കൂട്ടരോട് അല്ലാഹു സംസാരിക്കുകയോ അവരുടെ നേരെ നോക്കുകയോ ഇല്ല. ഒന്ന്, തന്റെ കച്ചവടചരക്കിന് യഥാർഥത്തിൽ കിട്ടിയതിനേക്കാളേറെ വിലകിട്ടി എന്ന് പറഞ്ഞ് കള്ളസത്യം ചെയ്യുന്ന കച്ചവടക്കാരൻ. രണ്ട്, ഒരു മുസ്‌ലിമിന്റെ ധനം അന്യായമായി തട്ടിയെടുക്കാൻ വേണ്ടി കള്ള സത്യം ചെയ്യുന്നവൻ. മൂന്ന്, തന്റെ വെള്ളത്തിൽനിന്ന് മിച്ചം വന്നത് തടഞ്ഞ് വെച്ചവൻ. ‘നിനക്ക് അധ്വാനം കൂടാതെ കിട്ടിയ വെള്ളത്തിൽനിന്ന് നീ തടഞ്ഞു വെച്ചതിന് ഇന്നേ ദിവസം നാം നമ്മുടെ ഔദാര്യം നിനക്ക് തടയുന്നതാണ്’ എന്ന് അല്ലാഹു അവനോട് പറയും” (ബുഖാരി).**

**നാം** മനസ്സിരുത്തി ചിന്തിക്കേണ്ട ഗൗരവാർഹമായ വസ്തുതകളിലേക്കാണ് ഈ പ്രവാചക വചനം വിരൽ ചൂണ്ടുന്നത്.

ദീനിന്റെ മാനുഷിക മുഖവും സാമൂഹിക പ്രാധാന്യവുമാണിവിടെ അനാവരണം ചെയ്യപ്പെടുന്നത്.

ഇഹലോകത്ത് മനുഷ്യർ തമ്മിൽ പല തരത്തിലുള്ള സാമ്പത്തിക ഇടപാടുകളും ക്രയവിക്രയങ്ങളുമൊക്കെ നടത്തേണ്ടതായി വരും. എന്നാൽ പ്രസ്തുത ഇടപാടുകളെല്ലാം പൂർണമായും സത്യസന്ധതയുടെ അടിസ്ഥാനത്തിലുള്ളതായിരിക്കണം. സത്യത്തിനും നീതിക്കും നിരക്കാത്ത യാതൊന്നും മറ്റുള്ളവരുമായുള്ള ഇടപാടുകളിൽ സംഭവിച്ചിട്ടില്ല എന്നുറപ്പ് വരുത്താനാകണം. അല്ലാത്ത പക്ഷം കർമലോകമാകുന്ന ദുനിയാവിൽനിന്ന് പ്രതിഫലലോകമാകുന്ന പാരത്രിക ലോകത്തേക്ക് കാലെടുത്ത് വെക്കുന്നതോടെ നേരിടേണ്ടി വരുന്ന അവസ്ഥ അത്യന്തം ഭയാനകമായിരിക്കും. അതിന്റെ നേർസാക്ഷ്യമാണിവിടെ വരച്ച് കാണിച്ചിരിക്കുന്നത്.

വിവിധ കച്ചവടങ്ങളിൽ പ്രത്യേകിച്ച്, ഭൂമിയുമായി ബന്ധപ്പെട്ട ഇടപാടുകളിൽ യാതൊരു ലക്കും ലഗാനുമില്ലാതെയാണ് കള്ളത്തരങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. ഇടപാട് നടന്ന് കഴിഞ്ഞാൽ കിട്ടിയതിനേക്കാളേറെ വില പറയണമെന്ന് കക്ഷിയോട് പറയുന്ന രീതി സാർവത്രികമായിരിക്കുന്നു. ഭൂമി, ധനം, മറ്റ് വസ്തുക്കൾ എന്നിവ അന്യായമായി തട്ടിയെടുക്കുന്നതിന് കള്ളസത്യം ചെയ്യുന്നവരും അനവധിയുണ്ട്. ഇത്തരം കള്ളത്തരങ്ങളിലൂടെ, ദുനിയാവിൽ ഇവർ എന്ത് തന്നെ നേടിയെടുത്താലും പരലോകത്ത് ശാശ്വത ശിക്ഷക്ക് കാരണമായിത്തീരുമെന്നാണീ ഹദീസ് പഠിപ്പിക്കുന്നത്.

ഇത്തരം തെറ്റ് കുറ്റങ്ങളിൽ ഏർപ്പെടുന്നവരിൽ പലരും, ആരാധനകളിലും അനുഷ്ഠാനങ്ങളിലും വളരെ കൃത്യതയും കണിശതയുമുള്ളവരാണെന്നതാണ് വിരോധാഭാസം. എന്നാൽ, വ്യക്തി ജീവിതത്തിൽ ഇവർ അനുഷ്ഠിച്ച ആരാധനാകർമങ്ങൾ കൊണ്ടോ അനുഷ്ഠാനങ്ങൾ മൂലമോ രക്ഷപ്പെടുക സാധ്യമല്ല. ‘പാപ്പരായവൻ’ എന്നാണ് പ്രവാചകൻ(സ) അത്തരക്കാരെ വിശേഷിപ്പിച്ചത്. പുനരുത്ഥാന ദിവസം, അനുഷ്ഠിച്ച ആരാധനകളുടെ വലിയ ഭാണ്ഡങ്ങളുമായി വിചാരണാസഭയിലെത്തുമ്പോൾ, സാമൂഹിക ജീവിതത്തിൽ മനുഷ്യരുമായുള്ള ബന്ധങ്ങളിൽ സംഭവിച്ച തെറ്റുകളും കുറ്റങ്ങളും കാരണമായി നരകത്തിലെറിയപ്പെടുന്ന ദുരന്തചിത്രം പ്രവാചകൻ വരച്ചുകാണിച്ചിട്ടുണ്ട്.

തന്റെ ആവശ്യം കഴിഞ്ഞ് മിച്ചമുള്ളത് ആവശ്യക്കാരായ മറ്റുള്ളവർക്ക് വേണ്ടി നീക്കിവെക്കണം എന്ന സന്ദേശവും ഹദീസ് നൽകുന്നുണ്ട്. ഖുർആനും ഇതേ വസ്തുത വിശദമാക്കുന്നു. “എന്താണ് ചിലവഴിക്കേണ്ടതെന്ന് അവർ നിന്നോട് ചോദിക്കുന്നു. പ്രവാചകരെ പറയുക: മിച്ചമുള്ളത്” (അൽബഖറ: 219)

ജീവിതത്തിന്റെ അടിസ്ഥാന ഉപാധികളിലൊന്നാണല്ലോ ജലം. വായു കഴിഞ്ഞാൽ ജീവസന്ധാരണത്തിന് അനുപേക്ഷണീയമായ ഘടകം. പ്രാധാന്യത്തിന്റെ തോതനുസരിച്ച്, ദാനത്തിന്റെ മഹത്വവും പ്രതിഫലവും വർധിക്കും. ആവശ്യമായ വെള്ളം കിട്ടാതെ വരുമ്പോൾ മനുഷ്യൻ കുറച്ചൊന്നുമല്ല പ്രയാസപ്പെടേണ്ടി വരിക. അത്തരം സന്ദർഭങ്ങളിൽ തന്റെ ആവശ്യം കഴിഞ്ഞ് ബാക്കി വരുന്ന ജലം പൂർണമായി തിടുക്കക്കാരായ ആളുകൾക്ക് വേണ്ടി നീക്കിവെക്കണം.

‘നീ നിന്റെ സഹോദരന്റെ ബക്കറ്റിലേക്ക് ഒഴിച്ചുകൊടുക്കുന്ന വെള്ളത്തിന് നിനക്ക് മഹത്തായ പ്രതിഫലമുണ്ടെ’ന്നാണ് റസൂൽ(സ) പഠിപ്പിച്ചിട്ടുള്ളത്.

എന്നാൽ വെള്ളമുൾപ്പെടെ അല്ലാഹു നൽകിയ അനുഗ്രഹങ്ങളിൽ നിന്ന് തന്റെ ആവശ്യം കഴിഞ്ഞ് ബാക്കി വരുന്നത് മറ്റുള്ളവർക്ക് നൽകാതെ കെട്ടിപ്പൂട്ടിവെക്കുന്നത് വലിയ തെറ്റും കുറ്റവുമാണ്. അവർ മറ്റെന്ത് പുണ്യകർമങ്ങൾ ചെയ്താൽ പോലും അല്ലാഹുവിന്റെ ശിക്ഷയിൽനിന്ന് രക്ഷപ്പെടുക സാധ്യമല്ല. ■